(ബി) ഇവരുടെ സേവനം സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ ലഭ്യമാക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) പോസ്റ്റ് ഗ്രാഡ്വേറ്റ് കഴിഞ്ഞു വരുന്ന ഡോക്ടർമാരെ അവരുടെ സ്പെഷ്യാലിറ്റിയുടെ അടിസ്ഥാനത്തിലും, ആവശ്യാനുസരണവും ജില്ലാ/താലൂക്ക് ആശുപത്രികളിൽ ഒഴിവിനനുസരണമായി നിയമിക്കുന്നുണ്ട്.

132 (2318) കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡോക്ടർമാർ

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എത്ര ഡോക്ടർമാർ ഇപ്പോൾ സർവീസിലുണ്ട്;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നിയമിക്കപ്പെട്ട എത്ര ഡോക്ടർമാർ ഇപ്പോൾ വിവിധ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഹെൽത്ത് സെന്ററുകളിലും ജോലി ചെയ്യുന്നുണ്ട്;

(സി) സർവീസിൽ നിന്ന് റിട്ടയർ ചെയ്ത എത്ര ഡോക്ടർമാർക്ക് റീ എംപ്ലോയ്മെന്റ് നൽകിയിട്ടുണ്ട്;

(ഡി) പബ്ലിക് സർവീസ് കമ്മിഷൻ അപേക്ഷ ക്ഷണിച്ചതനുസരിച്ച് അസിസ്റ്റന്റ് സർജൻമാരായി നിയമിക്കപ്പെടുന്നതിന് അപേക്ഷിച്ചവർക്ക് റിട്ടൺ ടെസ്റ്റ് നടത്തിയതെന്നാണ്;

(ഇ) അവരിൽ റാങ്ക് നേടിയവരുടെ ഇന്റർവ്യൂ നടത്തിയതെന്നാണ്;

(എഫ്) എത്ര പേരെ ഇന്റർവ്യൂ നടത്തി;

(ജി) ഇന്റർവ്യൂ കഴിഞ്ഞശേഷം ഇവരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(എച്ച്) ഇവർക്ക് റിട്ടൺ ടെസ്റ്റിൽ ലഭിച്ച റാങ്കും ഇന്റർവ്യൂവിനുശേഷം ലഭിച്ച റാങ്കും കാണിക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ;

(ഐ) ഇപ്പോൾ കോൺട്രാക്ട് അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും റീ എംപ്ലോയ്മെന്റ് മുഖേനയും നിയമിച്ചിട്ടുള്ള ഡോക്ടർമാരെ പിരിച്ചുവിട്ട് പി.എസ്.സി. ഇന്റർവ്യൂ നടത്തിയവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ച 350 ഡോക്ടർമാർ ഇപ്പോൾ സർവീസിലുണ്ട്.

(ബി) 204 ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്.

(സി) റിട്ടയർ ചെയ്ത ആർക്കും റീ എംപ്ലോയ്മെന്റ് നൽകിയിട്ടില്ല.

(ഡി) 22.8.98-ൽ.

(ഇ) 21.4.99 മുതൽ 10.6.99 വരെ

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇന്റർവ്യൂവിന് 2343 പേർ അർഹരായിരുന്നു. ഹാജരാകാത്തവരുടെ കണക്ക് ലഭ്യമല്ല.

(ജി) പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. എടുത്തു കൊണ്ടിരിക്കുന്നു.

(എച്ച്) ഡിപ്പാർട്ടുമെന്റുകളിൽ ഒഴിവുവരുമ്പോൾ വേക്കൻസി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും റാങ്ക് ലിസ്റ്റായാൽ പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമനം നൽകുകയും മാത്രമാണ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നത്. ബാക്കിയുള്ള എല്ലാ നടപടിക്രമങ്ങളും പബ്ലിക് സർവീസ് കമ്മിഷനാണ് കൈക്കൊള്ളുന്നത്.

(ഐ) പി.എസ്.സി. യിൽ നിന്ന് അഡ്വൈസ് കിട്ടുന്നതനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും കോൺട്രാക്ട് അടിസ്ഥാനത്തിലും നിയമിച്ചവരെ പിരിച്ചുവിടുന്നതാണ്. റീഎംപ്ലോയ്മെന്റ് മുഖേന ആരേയും നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

133 (2319) മെഡിക്കൽ പി.ജി. കോഴ്സുകളിലേയ്ക്കുള്ള ഒഴിവുകൾ

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ 1999-ലെ വിവിധ പി.ജി. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഡിഗ്രിയും ഡിപ്ലോമയും അഖിലേന്ത്യാ തലത്തിലുള്ള 25% ക്വാട്ടയിൽ ഡൽഹിയിൽനിന്നും അലോട്ടു ചെയ്യപ്പെട്ടവരെല്ലാം ജോയിൻ ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ 1999-ലെ പി.ജി. കോഴ്സുകളിൽ (ഡിഗ്രിയും ഡിപ്ലോമയും) കേരളത്തിലെ ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം സീറ്റുകളിലാണ് നിലവിൽ ഒഴിവുള്ളത്;

(സി) മെരിറ്റ് അടിസ്ഥാനത്തിലും മറ്റ് വിവിധ ക്വാട്ടകളുടെ അടിസ്ഥാനത്തിലുമുള്ള സീറ്റുകളിൽ നിലനില്ക്കുന്ന ഒഴിവുകൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) അഖിലേന്ത്യാ തലത്തിലുള്ള അഡ്മിഷൻ പൂർണ്ണമായും മെരിറ്റടിസ്ഥാനത്തിലാണ് നടത്തുന്നത്. ഒഴിവുള്ള സീറ്റുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

134 (2320) ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം. ദാസൻ :

---

† അനുബന്ധം VII
406/2010.